**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2233 | 23.03.2012 ൽ മറുപടിയ്ക്ക് |
|---|---|

**വനിതാവികസന കോർപ്പറേഷന്റെ കർമ്മ പദ്ധതികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ.കെ. അച്ചുതൻ<br>ശ്രീ. വി.റ്റി.ബൽറാം | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) | വനിതകളുടെ ക്ഷേമത്തിനായി കേരള വനിതാവികസന കോർപ്പറേഷൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കി യിട്ടുള്ളത്; | (എ) വിവിധ ആവശ്യങ്ങൾക്കായി തലസ്ഥാന നഗരിയിലെത്തുന്ന വനിതകൾക്ക് ആവശ്യമായ പ്രാഥമിക വിവരം നൽകുന്നതിനുള്ള വനിതാവിവര കേന്ദ്രങ്ങൾ, തിരുവനന്തപുരം ജില്ലയിൽ 200 ഇ-ടോയിലെറ്റ് നടപ്പിലാക്കുക, നിലവിൽ കോർപ്പറേഷന് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ ഇല്ലാത്ത ജില്ലകളിലും കൂടി വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ നിർമ്മാണം എന്നിവയാണ് വനിതാവികസന കോർപ്പറേഷൻ തയ്യാറാക്കിയിട്ടുള്ള പുതിയ കർമ്മ പദ്ധതികൾ. കൂടാതെ കോർ ബാങ്കിംഗ് സംവിധാനമുള്ള ബാങ്കുകളുമായി സഹകരിച്ച് വായ്പാ തിരിച്ചടവ് ലളിതമാക്കാനും, വനിതകൾക്ക് വൈവിധ്യമാർന്ന സേവനം സമയ-ബന്ധിതമായി നൽകുവാൻ കോർപ്പറേഷന്റെ ഓഫീസുകൾ കമ്പ്യൂട്ടർ വല്ക്കരിക്കാനും ഉദ്ദേശമുണ്ട്. |

| | | |
|---|---|---|
| (ബി) | പ്രസ്തുത പദ്ധതികളിൽ വിദ്യാഭ്യാസം, സാമ്പത്തികം, തൊഴിൽ, ആരോഗ്യം എന്നീ മേഖലകൾക്ക് ഊന്നൽ നൽകുമോ; | (ബി) വനിതാവികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതികളും വിദ്യാഭ്യാസം, സാമ്പത്തികം, തൊഴിൽ എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകിയിട്ടുള്ളതാണ്. |
| (സി) | വനിതകൾക്ക് വേണ്ടി ഒരു സർവ്വീസ് ഓറിയന്റഡ് പോർട്ടൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) വനിതകൾക്ക് വേണ്ടി സർവ്വീസ് ഓറിയൻഡ് പോർട്ടൽ ആരംഭിക്കുന്നതിന്റെ ഭാഗമായി പ്രാരംഭഘട്ടമെന്ന നിലയിൽ ജോബ് പോർട്ടൽ പദ്ധതി ഉടനെ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ